"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയെ ചുമതലപെടുത്തിയും പ്രസ്തുത പദ്ധതിക്കായി 1,84,12,779 രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1834/2024/LSGD തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:-

1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള ഡയറക്ടറുടെ 05.12.2023 ലെ 69/MGNSASK/2023 നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.05.2024 തീയതിയിലെ LSGD/PD/18758/2023-CSSA2 നമ്പർ കത്ത്.

**ഉത്തരവ്**

പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി 151 ബ്ളോക്ക് പഞ്ചായത്തുകളിൽ സമഗ്രമായ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് പ്രൊപ്പോസൽ സമർ പ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം 1,84,12,779 രൂപയുടെ പ്രൊപ്പോസൽ പരാമർശം 1 പ്രകാരം സമർപ്പിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് അലോക്കേഷൻ സാധ്യമാകണമെങ്കിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതുണ്ടെന്ന ആവശ്യകത പരിഗണിച്ച് പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി 151 ബ്ളോക്ക് പഞ്ചായത്തുകളിലും സമഗ്രമായ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയെ ചുമതലപെടുത്തിയും പ്രസ്തുത പദ്ധതിക്കായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള സമർപ്പിച്ച 1,84,12,779 രൂപയുടെ (ഒരു കോടി എൺപത്തിനാല് ലക്ഷത്തിപന്ത്രണ്ടായിരത്തിഎഴുനൂറ്റിഎഴുപത്തി ഒൻപത് രൂപ മാത്രം) പ്രൊപ്പോസലിന് അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ,സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 03-10-2024 14:33:17

സെക്ഷൻ ഓഫീസർ